**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുഴുവൻ റേഷൻ കാർഡുകളും സ്മാർട്ട് കാർഡുകളാക്കി മാറ്റുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് റേഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാകുക; വിശദാംശം നൽകാമോ; | (എ) | സ്മാർട്ട് റേഷൻ കാർഡുകളുടെ സഹായത്തോടു കൂടി സംസ്ഥാനത്തെ ഗ്രാമീണമേഖലയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ അധിക സേവനങ്ങൾ ലഭ്യമാക്കി കെ-സ്റ്റോറുകളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. RFP (Request for Proposal)-യിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ദേശസാത്കൃത ബാങ്കിന്റെയും റേഷൻ മേഖലയിലെ സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റെയും സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ആയതിനുള്ള RFP പ്രസിദ്ധീകരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കെ-സ്റ്റോർ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി 5000/- രൂപ വരെയുള്ള ബാങ്കിംഗ് സേവനങ്ങൾ, യൂട്ടിലിറ്റി പേയ്.മെന്റ് സംവിധാനം, ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, ചെറിയ എൽ.പി.ജി ഗ്യാസ് സിലിണ്ടർ (ചോട്ടു ഗ്യാസ്) എന്നിവ വിപണനം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | മുൻഗണന കാർഡുകൾ അനർഹമായി കൈവശം വച്ചവർക്ക് ആയത് ശിക്ഷയില്ലാതെ തിരിച്ചേല്പിക്കുന്നതിന് പ്രത്യേകമായ അവസരം നൽകിയിരുന്നോ; ഇതനുസരിച്ച് കാർഡുകൾ തിരിച്ചേല്പിച്ചിട്ടുണ്ടോ; പ്രസ്തുത ഒഴിവുകളിലേക്ക് അർഹരായവരെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | അനർഹമായി കൈവശം വച്ച മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 മുതൽ 2022 മാർച്ച് 31-വരെ അവസരം നൽകിയിരുന്നു. 31.03.2022 നു ശേഷം സറണ്ടർ ചെയ്തവരിൽ നിന്നും പിഴ ഈടാക്കുന്നതിനും ഫീൽഡ് പരിശോധന നടത്തി അനർഹരെ കണ്ടെത്തി പ്രസ്തുത കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 30.04.2022 വരെ 14932 എ.എ.വൈ കാർഡുകളും |

| | | | |
|---|---|---|---|
| | | | 88916 പി.എച്ച്.എച്ച് കാർഡുകളും സറണ്ടർ ചെയ്തിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി **"Operation Yellow"** എന്ന പേരിൽ പരിപാടി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ടി പദ്ധതി നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ സർക്കാരിനെ അറിയിക്കാവുന്നതാണ്. |
| (സി) | അർഹരായ മുഴുവൻ പേർക്കും മുൻഗണന കാർഡുകൾ വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; മാരകരോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ഓട്ടിസം ബാധിതർ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകുമോ; വിശദാംശം നൽകാമോ? | (സി) | കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം 15480040 ആണ്. ആയതിനാൽ അർഹരായ മുഴുവൻ പേരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. മാരകരോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ഓട്ടിസം ബാധിതർ തുടങ്ങിയവർക്ക് മുൻഗണനാ റേഷൻകാർഡുകൾ ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതിനായി 27.10.2020 ലെ സ.ഉ.(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 17,505 എ.എ.വൈ കാർഡുകളും 2,33,386 പി.എച്ച്.എച്ച് കാർഡുകളും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ